പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പാ കുടിശ്ശികയ്ക്ക് പലിശയിളവ് നൽകാൻ നടപടി

*10 [955] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഏതെല്ലാം പദ്ധതികൾക്ക് വായ്പ നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷൻ വായ്പ നൽകി ആരംഭിക്കുന്ന ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് എന്തെല്ലാം സഹായം കോർപ്പറേഷൻ വഴി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മുൻപരിചയമോ സാങ്കേതിക കഴിവോ ഇല്ലാത്ത സംരംഭങ്ങൾ നടത്തുന്ന വ്യവസായങ്ങൾ പലതും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനാവാതെ നഷ്ടത്തിലാകുകയും പിന്നീട് അടച്ചുപൂട്ടുകയും അതുവഴി കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പയും പലിശയും പിഴപ്പലിശയും അടച്ച് തീർക്കാനാവാതെ കഷ്ടപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇങ്ങനെ വായ്പാ കുടിശ്ശിക വരുത്തിയവർക്ക് എന്തെങ്കിലും ആശ്വാസ പദ്ധതികൾ വഴി വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് സഹായകമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) യഥാസമയം ഗഡുക്കൾ അടയ്ക്കാതെ വായ്പാ കുടിശ്ശികയായി കിടക്കുന്ന വായ്പ എടുത്തവരിൽ നിന്നും വായ്പാത്തുക ഈടാക്കുന്നതിന് പലിശയിൽ ഇളവും പിഴപ്പലിശ ഒഴിവാക്കിയും വൺടൈം സെറ്റിൽമെന്റ് പദ്ധതിയോ, ഗഡുക്കൾ വഴി അടയ്ക്കാനുള്ള സൗകര്യമോ വീണ്ടും നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പിന്നോക്കപട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

	വായ്പാ പദ്ധതിയുടെ പേര്	പരമാവധി തുക	പലിശ നിരക്ക്
1.	സ്വയംതൊഴിൽ പദ്ധതി	5 ലക്ഷം രൂപ	6%
2.	വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി	50,000 രൂപ	4%
3.	സന്നദ്ധ സംഘടനകൾ വഴി (എൻ. ജി. ഒ.) നൽകുന്ന ലഘു വായ്പാ പദ്ധതി (മൈക്രോ ക്രെഡിറ്റ് സ്കീം)	ഒരു വ്യക്തിക്ക് പരമാവധി 25,000 രൂപ വീതം	7%-10%

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കോർപ്പറേഷൻ നൽകുന്ന ബഹുഭൂരിപക്ഷം വായ്പകളും നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടിയല്ല നൽകുന്നത്. ആയതിനാൽ വിപണനം നടത്തുന്നതിന് ഈ കോർപ്പറേഷൻ നിലവിൽ സഹായം ഒന്നും നൽകുന്നില്ല.

(സി, ഡി) ഉണ്ട്. ഇങ്ങനെ വായ്പാ കുടിശ്ശിക വരുത്തിയവർക്ക് ഇളവുകൾ നൽകി വൺടൈം സെറ്റിൽമെന്റ് (ഒ. റ്റി. എസ്.) പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മുൻപരിചയമോ സാങ്കേതിക കഴിവോ ഇല്ലാത്ത വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി വായ്പാ വിതരണ വേളയിൽ 'പ്രീ-ഡിസ്ബേഴ്സ്മെന്റ് കൗൺസിലിംഗ് ' നടപ്പാക്കി വരുന്നുണ്ട്. ഈ കൗൺസിലിംഗുകളിൽ ഒരു സ്വയം തൊഴിൽ സംരംഭം വിജയപ്രാപ്തിയിലെത്തുന്നതിന് വേണ്ടിയുള്ള എല്ലാ കാര്യങ്ങളെ കുറിച്ചും വിവരിക്കുന്നുണ്ട്.

(ഇ) ദീർഘകാലമായി തിരിച്ചടയ്ക്കാതെയും നടപടികൾ സ്വീകരിക്കാതെയും കുടിശ്ശികയായും വായ്പത്തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിനു വേണ്ടി ഓരോ കേസിലും ഉൾപ്പെട്ടിട്ടുള്ള വായ്പാത്തുക വായ്പയെടുക്കുന്ന വ്യക്തിയുടെ വർത്തമാന കാല സാഹചര്യം എന്നിവ സൂക്ഷ്മമായി നീരീക്ഷിച്ച് പിഴപ്പലിശയിൽ പരമാവധി ഇളവുകൾ നൽകുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ഒരു അസിസ്റ്റന്റ് മാനേജരെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഒ. എസ്. ഡി.) ആയി നിയോഗിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറും ചെയർമാനും നടത്തുന്ന കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്ന നടപടികൾ തുടർന്ന് വരികയാണ്.

ഇന്റർനാഷണൽ ഹിൽ ടൂറിസം പദ്ധതി

*11 [956] ശ്രീ. പി. എസ്. സുപാൽ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനാഷണൽ ഹിൽ ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും എവിടെയെല്ലാം ഈ പദ്ധതിക്ക് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള ചില പദ്ധതികൾ ജൈവ വൈവിദ്ധ്യ മേഖലകൾക്ക് നശീകരണമുണ്ടാക്കുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly